**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2694** **13-10-2021 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിൽ വിദ്യാഭ്യാസത്തിനായി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കോവിഡ് പശ്ചാത്തലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് വയനാട് ജില്ലയിൽ വിദ്യാഭ്യാസത്തിനായി നടപ്പാക്കിയ പദ്ധതികൾ വിശദീകരിക്കാമോ; | (എ) | പട്ടികവർഗ്ഗ കോളനികളിൽ ഓൺലൈൻ പഠനം ഉറപ്പാക്കുന്നതിനായി സാമൂഹ്യ പഠന മുറി കേന്ദ്രങ്ങൾ കൂടുതലായി ആരംഭിച്ചിട്ടുണ്ട്. പഠനമുറി നിലവിലുള്ള സങ്കേതങ്ങളിൽ ഫെസിലിറ്റേറ്റർമാർ മുഖേനയും, മെന്റർ ടീച്ചർമാർ മുഖേനയും പഠനസഹായം നൽകി വരുന്നു. സ്വന്തമായി ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലാത്ത വിദ്യാർത്ഥികളെ, സാമൂഹ്യ പഠനമുറികൾ, സാംസ്കാരിക നിലയങ്ങൾ, ക്ലബ്ബുകൾ എന്നിവിടങ്ങളിൽ മെന്റർ ടീച്ചർമാർ മുഖേന പഠനസഹായം നൽകിവരുന്നു. നഴ്സറി സ്കൂളുകൾ, കിന്റർ ഗാർട്ടനുകൾ എന്നിവ മുഖേനയും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന പുരോഗതിക്കായി നിലവിൽ പ്രവർത്തിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ജില്ലയിൽ നിന്നും ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയം കൈവരിച്ച പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ? | (ബി) | വയനാട് ജില്ലയിൽ നിന്നും ഈ വർഷം എസ്.എസ്. എൽ.സി പരീക്ഷയിൽ വിജയം കൈവരിച്ച പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം 2,287 ആണ്. |

സെക്ഷൻ ഓഫീസർ